വർക്കിംഗ് അറേഞ്ച്മെന്റിൽ ജോലി നോക്കുന്ന വില്ലേജ് എക്സ്റ്റൻഷൻ ആഫീസർമാർ

23 [697] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമ വികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമവികസന വകുപ്പിൽ തിരുവനന്തപുരം ജില്ലയിൽ ജോലി നോക്കുന്ന വി.ഇ.ഒ./എൽ.വി.ഇ.ഒ.മാരുടെ പേരു വിവരം, ഗ്രേഡ് I, ഗ്രേഡ് II ജോലി നോക്കുന്ന പഞ്ചായത്ത് എന്നിവ തിരിച്ച് ലിസ്റ്റ് ലഭ്യമാക്കുമോ;

(ബി) ഇതിൽ ആരൊക്കെയാണ് വർക്കിംഗ് അറേഞ്ച്മെന്റിൽ തിരുവനന്തപുരം ജില്ലയിൽ ജോലി നോക്കുന്നതെന്നും അവർ ജോലി നോക്കേണ്ടുന്ന യഥാർത്ഥ ജില്ല ഏതാണെന്നും വ്യക്തമാക്കുമോ;

(സി) വി.ഇ.ഒ./എൽ.വി.ഇ.ഒ.മാരുടെ ഗ്രേഡ് I, ഗ്രേഡ് II അനുപാതം എത്രയാണ്; തിരുവനന്തപുരം ജില്ലയിൽ ഈ അനുപാതം പാലിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ—സി) വിവരം ശേഖരിച്ചുവരുന്നു.

ബി.ഡി.ഒ. മാരുടെ ഒഴിവുകൾ

24 [698] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമ വികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമവികസന വകുപ്പിൽ എത്ര ബി.ഡി.ഒ.മാരുടെ തസ്തികകൾ നിലവിലുണ്ടെന്ന് അറിയിക്കുമോ ;

(ബി) ഇവയിൽ നിലവിൽ എത്ര ഒഴിവുകൾ ഉണ്ടെന്ന് വിശദമാക്കാമോ ;

(സി) 2005 മേയ് മാസത്തിനുശേഷം താത്ക്കാലികമായി എത്രപേർക്ക് പ്രമോഷൻ നൽകി നിയമിച്ചിട്ടുണ്ട് ;

(ഡി) ബി.ഡി.ഒ.മാരുടെ ഒഴിവുകൾ നികത്തുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) 153 ബി.ഡി.ഒ. തസ്തികകൾ നിലവിലുണ്ട്.

(ബി) 4 ഒഴിവുകൾ.

(സി) 2005 മേയ് മാസത്തിനുശേഷം 37 പേരെ താത്ക്കാലിക പ്രമോഷൻ നൽകി നിയമിച്ചിട്ടുണ്ട്. കൂടാതെ 16 പേർക്ക് ബി.ഡി.ഒ.മാരായി താത്ക്കാലിക പ്രമോഷൻ നൽകുകയും അവരെ ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ ബ്ലോക്ക് പ്രോഗ്രാം ഓഫീസർമാരായി നിയമിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) നടപടികൾ സ്വീകരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly